milma

**Kerala Co-operative Milk Marketing Federation Limited**
**Cattle Feed Plant, Malampuzha, Palakkad - 678651**
**Phone: 0491-2816301 Website: www.milma.com, E mail: cfm@milma.com**
**GST: 32AAAAK5375M6ZB (PAN: AAAAK5375M)**

CFPM/PER/17/2026/3580 11/04/2026

## റീ - ക്വട്ടേഷൻ നോട്ടീസ്

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷന്റെ (മിൽമ) കീഴിലുള്ള മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഓടുന്നതിന് സ്വിഫ്റ്റ് ഡിസയർ/ടയോട്ട എത്തിയോസ്/ എക്സന്റ് എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടതും അല്ലെങ്കിൽ ടവേര /എർറ്റിഗ വിഭാഗത്തിൽ ഉൾപ്പെട്ടതോ, മറ്റ സമാന ഇനത്തിൽപ്പെട്ടതോ ആയ ടൂറിസ്റ്റ് ടാക്സി പെർമിറ്റുള്ളതും, മോഡൽ 2022 നോ അതിനു ശേഷമോ ആയതും സഞ്ചാര യോഗ്യമായതും ആയ ഒരു കാർ/സമാന വാഹനം കാരാടിസ്ഥാനത്തിൽ വാടകയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കരാർ കാലാവധി (05.05.2026 മുതൽ 04.05.2027 വരെ) ഒരു വർഷത്തേക്കായിരിക്കും. ക്വട്ടേഷൻ വിശദാംശങ്ങളും വ്യവസ്ഥകളും അടങ്ങിയ ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം ഫാക്ടറിയിൽ നിന്ന് ലഭിക്കുന്നതാണ്. അതിൻപ്രകാരം ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം കമ്പനിയിൽ നിന്നും **22-04-2026 ന് ഉച്ചയ്ക്ക് 01.00** മണിവരെ കൈപറ്റാവുന്നതാണ്.

ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി 2500/- രൂപ ഈ ഓഫീസിൽ അടച്ചതിന്റെ രസീത് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷാ ഫോറം, നിരതദ്രവ്യമൊടുക്കിയ രസീത്, വാഹനത്തിന്റെ ആർ.സി ബുക്കിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി, ഇൻഷുറൻസ് പോളിസി ഡോക്യുമെന്റ്, വാഹനത്തിന്റെ ടാക്സി പെർമിറ്റ്, Aadhaar, PAN എന്നിവ അടങ്ങിയ ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ **22-04-2026 ഉച്ചകഴിഞ്ഞു 03.00 മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം 04.00 മണിയ്ക്ക് ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും.** കവറിനു പുറത്ത് <u>Quotation for Office Vehicle</u> എന്നും സമർപ്പിക്കുന്ന ആളിന്റെ അഡ്രസ്സും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. കൂടാതെ, അപേക്ഷയിൽ യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല. അങ്ങനെയുള്ള അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

മാനേജർ

K.C.M.M.F. LTD. MALAMPUZHA CATTLE FEED PLANT

**ഓഫിസ് വാഹനം വാടകയ്ക്ക് ഓട്ടുന്നതിനുള്ള ക്വട്ടേഷൻ നമ്പർ CFPM/PER/17/2026/3483**

**വ്യവസ്ഥകൾ**

1. കാർ സ്വന്തം ഉടമസ്ഥതയിലുള്ളതും, ടൂറിസ്റ്റ് ടാക്സി പെർമിറ്റ്, A/c ഇവ ഉള്ളതും ആയിരിക്കണം.

2. സ്വിഫ്റ്റ് ഡിസയർ/ടയോട്ട എത്തിയോസ്/ എക്സന്റ് എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടതോ അല്ലെങ്കിൽ ടവേര /എർറ്റിഗ വിഭാഗത്തിൽ ഉൾപ്പെട്ടതോ മറ്റ സമാന ഇനത്തിൽപ്പെട്ടതോ അയ ടൂറിസ്റ്റ് ടാക്സി പെർമിറ്റുള്ള സഞ്ചാര യോഗ്യമായതുമായ 2022 മോഡലോ അതിനുശേഷമോ ഉള്ള വാഹനമായിരിക്കണം.

3. ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രകൾക്കും ഫാക്ടറിയിലെ സ്റ്റേഷനറി സ്പെയർ പാർട്സുകൾ തുടങ്ങിയവ വാങ്ങിക്കൊണ്ടുവരുന്നതിനും പാർസൽ ഓഫീസിൽ നിന്നും ചെറിയ പാർസലുകൾ എടുത്തുകൊണ്ടുവരുന്നതിനും മറ്റ് സമാന ആവശ്യങ്ങൾക്കും വാഹനം ഉപയോഗിക്കുന്നതാണ്.

4. വാഹനത്തോടൊപ്പം ഡ്രൈവറുടെ സേവനവും വാഹനത്തിന്റെ ഉടമസ്ഥൻ ലഭ്യമാക്കിയിരിക്കേണ്ടതാണ്. അപ്രകാരം നിയോഗിക്കുന്ന ഡ്രൈവർക്ക നിയമാനുസൃതമായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതും അത് വാഹന ഉടമസ്ഥൻ ഉറപ്പാക്കിയിരിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയിരിക്കേണ്ടതുമാണ്. ഡ്രൈവറുടെ പേരും ലൈസൻസ് കോപ്പിയും ID പ്രൂഫും ഓഫീസിൽ നൽകേണ്ടതാണ്.

5. വാഹനം ഓടിക്കുന്നതിന് നിയോഗിക്കുന്ന ഡ്രൈവറുടെ വേതനം, ബത്ത, മറ്റിതര അലവൻസുകൾ ഉൾപ്പെടെ എല്ലാ ചിലവുകളും, ESI, EPF തുടങ്ങിയ നിയമപരമായ ബാധ്യതകളും ഉടമസ്ഥൻ വഹിച്ചിരിക്കേണ്ടതാണ്.

6. വാഹനത്തിന് കാലാകാലങ്ങളിൽ ഉണ്ടാകുന്ന എല്ലാവിധ റിപ്പയറിംഗ് ജോലികളും മെയിന്റനൻസ് ജോലികളും സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും വാഹന ഉടമ ചെയ്യേണ്ടതാണ്.

7. ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും ദിവസം കരാറുകാരന്റെ വാഹനം ലഭ്യമല്ലാതെ വന്നാൽ സമാനമായ മറ്റൊരു വാഹനം (clause 1 & 2 പ്രകാരം ഉള്ളത്) ഇതേ നിരക്കിൽ ഏർപ്പാടു ചെയ്യേണ്ടതും ടി വാഹനത്തെക്കുറിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.

8. വാഹനം ഓടിക്കുന്നതിനാവശ്യമായ ഇന്ധനം (ഡീസൽ, പെട്രോൾ, ഇലക്ട്രിക്, CNG) തുടങ്ങിയവ വാഹന ഉടമസ്ഥൻ സ്വന്തം ചിലവിൽ ഉപയോഗിക്കേണ്ടതാണ്. ഇലക്ട്രിക് വാഹനമാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു വർഷത്തേക്ക് താങ്കൾ രേഖപ്പെടുത്തുന്ന തുകയിൽ മാറ്റമുണ്ടായിരിക്കുന്നതല്ല.

9. കരാർ നൽകുന്ന തിയ്യതി മുതൽ ഒരു വർഷത്തേക്കായിരിക്കും കരാറിന്റെ കാലാവധി. കരാർ കാലയളവിൽ ഫാക്ടറിയിലെ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഓട്ടത്തിനായി വാഹനവും ഡ്രൈവറും ഫാക്ടറിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

10. പ്രവർത്തി ദിവസങ്ങളിൽ ഫാക്ടറി ആവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്ക് വാഹനം ഉപയോഗിക്കുവാൻ പാടുള്ളതല്ല. അത്യാവശ്യ ഘട്ടങ്ങളിൽ അവധി ദിവസങ്ങളിലും വാഹനം ഓട്ടത്തിനായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രവർത്തി ദിവസങ്ങളിൽ മേൽക്കാണിച്ച സമയത്തിനു മുൻപും സമയത്തിനു ശേഷവും കമ്പനി ആവശ്യത്തിന് വാഹനം വേണ്ടിവരുന്ന പക്ഷം ആയതു ലഭ്യമാക്കേണ്ടതാണ്.

11. കിലോമീറ്റർ ഒന്നിന് അംഗീകരിക്കുന്ന നിരക്കിൽ ഒരു മാസത്തിൽ ഓടുന്ന മൊത്തം കിലോമീറ്ററുകൾക്ക് ആനുപാതികമായ തുക പ്രതിഫലമായി ഫാക്ടറിയുടെ ഓഫിസിൽ നിന്നും നൽകുന്നതാണ്. ഏറ്റവും കുറഞ്ഞത് 1500 കിലോമീറ്റർ ഓടുന്നതിനുള്ള തുക (ഓടിയാലും ഇല്ലെങ്കിലും) നൽകുന്നതായിരിക്കും.

12. മേൽപ്രകാരം മുൻകൂട്ടി അറിയിക്കാത്ത പക്ഷം അവധി ദിവസങ്ങളിൽ മറ്റ് ഓട്ടങ്ങൾക്ക് വാഹനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇത് തീർത്തും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കും. അങ്ങനെയുള്ള യാത്രകളിൽ കമ്പനിയുടെ നെയിം ബോർഡ് ഉപയോഗിക്കുവാൻ പാടുള്ളതല്ല.

13. ഒരു മാസത്തെ മൊത്തം ഓട്ടത്തിനുള്ള വാടക തുക (നിയമാനുസൃതമായ നികുതികൾ കിഴിച്ച്) അടുത്ത മാസം **ഏഴാം** തിയ്യതിക്കകം ഓഫീസിൽ നിന്നും നൽകുന്നതാണ്. വാടക തുക മാസം ഓടിയ കിലോമീറ്റർ രേഖപ്പെടുത്തി വാഹനത്തിന്റെ ഉടമസ്ഥന്റെ സാക്ഷ്യപത്രത്തോടൊപ്പം എല്ലാമാസവും മൂന്നാം തിയ്യതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

14. വാഹനം ഓരോ തവണയും ഓഫീസ് ആവശ്യത്തിനായി പ്ലാന്റിൽ നിന്നും പുറത്തേക്ക് പോകുമ്പോൾ ഉള്ള കിലോമീറ്റർ റീഡിംഗും തിരികെ പ്ലാന്റിനകത്ത് പ്രവേശിക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗും വാഹനത്തിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഒപ്പം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ, സെക്യൂരിറ്റിയിൽ ഓരോ തവണ പോകുമ്പോഴും യാത്ര സംബന്ധിച്ച കി. മീ., സ്ഥലം, സഞ്ചരിക്കുന്ന ആൾ മുതലായ വിവരങ്ങൾ ധരിപ്പിക്കേണ്ടതാണ്. അപ്രകാരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്ന കിലോമീറ്ററുകൾ കണക്കാക്കിയായിരിക്കും മാസാവസാനം വാടക നൽകുന്നത്. ഈ തുക നികുതികൾ, ഇ.എസ്.ഐ, പി.എഫ് മുതലായവ ഉൾപ്പെടെ ഉള്ളതാണ്. ഇ.എസ്.ഐ അടച്ചതിന്റെ രേഖകൾ ഹാജരാക്കാത്തപക്ഷം കരാറുകാരനിൽ നിന്നും ഇ.എസ്.ഐ ഈടാക്കുന്നതായിരിക്കും.

15. മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയുടെ ഏറ്റവും അടുത്തുള്ള പമ്പിലെ നിലവിലുള്ള ഇന്ധന വില നിരക്കിൽ (ഡീസൽ /പെട്രോൾ /CNG ലിറ്ററിന്) നിന്നും ഇന്ധന വില കൂടുകയോ കുറയുകയോ ചെയ്താൽ 1 രൂപ വ്യത്യാസത്തിന് 7 പൈസ എന്ന നിരക്കിൽ ആനുപാതികമായി ഇപ്പോൾ അംഗീകരിക്കപ്പെടുന്ന വാടക നിരക്കിൽ വ്യത്യാസം വരുത്തുന്നതാണ്. കൂടാതെ 1 രൂപ വിലവ്യത്യാസം കൃത്യമായി വന്നെങ്കിൽ മാത്രമേ നിരക്കിൽ വ്യത്യാസപ്പെടുത്തി പ്രതിഫലം അനുവദിക്കുകയുള്ളൂ. നിലവിൽ April 2026 ഫാക്ടറിയുടെ ഏറ്റവും അടുത്തുള്ള പമ്പിലെ ഡീസൽ തുക 95.68 ഉം പെട്രോൾ തുക 106.76 ഉം ആണ്. അതുപോലെ ഒരു കലണ്ടർ മാസം ഇടക്ക് ഇന്ധന വില നിരക്കിൽ വ്യത്യാസം വന്നാൽ, അതിനടുത്ത മാസം ഒന്നാം തിയ്യതി മുതലുള്ള ഓട്ടങ്ങൾക്ക് മാത്രമേ വാടക നിരക്കിൽ ആനുപാതിക വ്യത്യാസം അനുവദിക്കുകയുള്ളൂ. വാഹനം ഓടിക്കുന്നതിനാവശ്യമായ ഇന്ധനം (ഡീസൽ /പെട്രോൾ/ CNG ഇലക്ട്രിക്ക് (ബാറ്ററി)) തുടങ്ങിയവ വാഹന ഉടമസ്ഥൻ സ്വന്തം ചെലവിൽ ഉപയോഗിക്കേണ്ടതാണ്. ഇലക്ട്രിക്ക് (ബാറ്ററി) യാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു വർഷത്തേക്ക് താങ്കൾ രേഖപ്പെടുത്തുന്ന തുകയിൽ മാറ്റമുണ്ടായിരിക്കുന്നതല്ല.

16. ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി 2500/- രൂപ ഈ ഓഫീസിൽ അടച്ച് അതിന്റെ രസീത് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ടി രസീതുകൾ ഉള്ളടക്കം ചെയ്യാതെ ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പൂരിപ്പിച്ച **അപേക്ഷാഫോറം, നിരതദ്രവ്യമൊടുക്കിയ രസീത്, വാഹനത്തിന്റെ ആർ.സി. ബുക്ക്, Aadhaar, PAN എന്നിവയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പി** എന്നിവയടങ്ങിയ ക്വട്ടേഷനുകൾ സീൽചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്.

17. വാഹനത്തിന് നിയമപരമായ ആവശ്യമുള്ള ടാക്സുകൾ അടച്ചിരിക്കേണ്ടതും ആയതിന്റെ രേഖകൾ **(ആർ.സി. ബുക്ക്, കോംപ്രിഹെൻസീവ് ഇൻഷുറൻസ് പോളിസി ഡോക്യുമെന്റ്, വാഹനത്തിന്റെ ടാക്സി പെർമിറ്റ് തുടങ്ങിയവയുടെ കോപ്പികൾ)** ക്വട്ടേഷനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. ടി രേഖകൾ ഇല്ലാതെ നൽകുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

18. ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവ് നൽകിയാൽ 7 ദിവസത്തിനുള്ളിൽ 5,000/- രൂപ സെക്യൂരിറ്റി നിക്ഷേപമായി അടക്കേണ്ടതും 500/- രൂപ മുദ്രപത്രത്തിൽ കരാറെഴുതി ഒപ്പ് വയ്ക്കേണ്ടതുമാണ്. കരാറുകാരന്റെ സേവനം തൃപ്തികരമല്ലെങ്കിൽ ഏതുസമയത്തും കരാർ അവസാനിപ്പിക്കുന്നതും കൂടാതെ ഏതെങ്കിലും കാരണവശാൽ വാഹന ഉടമ കരാർ കാലാവധിക്കുമുമ്പ് കരാർ അവസാനിപ്പിക്കുകയോ ചെയ്താൽ സെക്യൂരിറ്റി തുക തിരിച്ച് നൽകുന്നതല്ല. കരാർ ലഭിച്ചിട്ട് ഏറ്റെടുക്കാത്തപക്ഷം നിരതദ്രവ്യമായ 2500/- രൂപ കണ്ടുകെട്ടുന്നതാണ്.

19. ഏതെങ്കിലും കാരണവശാൽ വാഹന ഉടമയ്ക്ക് സ്വന്തം പേരിലുള്ള വാഹനം നൽകുവാൻസാധിക്കാത്തപക്ഷം (ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയതിനുശേഷം) ടിയാൻ പകരം മേല്പറഞ്ഞ മോഡൽ കാറുകളിലുൾപ്പെട്ട (clause 1 & 2) വാഹനം ഏർപ്പെടുത്തേണ്ടതാണ്. വാഹന ഉടമയ്ക്ക് പകരം സംവിധാനം ഏർപെടുത്തുവാൻ സാധിക്കാത്ത പക്ഷം ഫാക്ടറി പകരം വാഹനം ഏർപ്പെടുത്തുകയും, ഇതിനായി ചിലവാകുന്ന തുക വാഹന ഉടമയുടെ ബില്ലിൽ നിന്ന് ഈടാക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ കരാറെടുക്കുന്ന വ്യക്തിക്ക് ടി സമയത്തിനുള്ളിൽ സ്വന്തം പേരിലുള്ള വാഹനം എത്തിക്കാൻ സാധിച്ചില്ലെങ്കിൽ സെക്യൂരിറ്റി തുകയും അതുവരെയുള്ള വാടകയും ലഭിക്കില്ല എന്നു മാത്രമല്ല യാതൊരുവിധ അറിയിപ്പും കൂടാതെത്തന്നെ കരാർ അവസാനിപ്പിക്കുന്നതുമായിരിക്കും.

20. വാഹനത്തിൻറെ പ്രവർത്തനം A/C, interior തുടങ്ങിയവ മികച്ച രീതിയിലുള്ളതായിരിക്കണം. കരാർ തുടങ്ങുന്നതിന് മുൻപായി ഈ കാര്യങ്ങൾ പരിശോധിക്കുന്നതായിരിക്കും. അവ ഉറപ്പാക്കിയതിനുശേഷം മാത്രമേ കരാർ നൽകുകയുള്ളൂ.

21. ആവശ്യമെന്നു കണ്ടാൽ ഈ കരാർ 12 മാസം വരെ നീട്ടി നൽകുന്നതിന് മാനേജർക്ക് അധികാരം ഉണ്ടായിരിക്കും. അപ്രകാരം കരാർ ദീർഘിപ്പിക്കുമ്പോൾ പരസ്പര ധാരണയോടുകൂടിയ വ്യവസ്ഥയിലും തുകയിലും കരാർ തുടരാൻ ബാധ്യസ്ഥനായിരിക്കും.

22. ഈ ക്വട്ടേഷന് 60 ദിവസത്തെ സാധുതയുണ്ടായിരിക്കുന്നതാണ്.

23. ഏതു ക്വട്ടേഷനും സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം ഫാക്ടറി മാനേജരിൽ നിക്ഷിപ്തമായിരിക്കും.

മാനേജർ

K.C.M.M.F. LTD.
MALAMPUZHA
CATTLE FEED PLANT